Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 5585/AO(RMC)/2021/കെ ഡബ്ല്യൂ എ

തീയതി: 03.05.2023

**<u>സർക്കുലർ</u>**

വിഷയം:- കേരളവാട്ടർ അതോറിറ്റി - ആർ.എം.സി - വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശിക തുക പിരിച്ചെടുക്കുന്നതിനുള്ള തുടർ നടപടികൾ - സംബന്ധിച്ച്

സൂചന :- 29/12/2022 ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ.

2022 നവംബർ മാസത്തെ ഡി.സി.ബി പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കേണ്ട കുടിശിക തുക 1643 കോടി രൂപയായിരുന്നു, ഇതിന്റെ 50% തുകയായ 821.5 കോടി രൂപ 31/03/2023-ന് മുമ്പായി യുദ്ധകാലാടിസ്ഥാനത്തിൽ പിരിച്ചെടുക്കുന്നതിനായി സെക്ഷൻ തലം മുതൽ ഹെഡ് ഓഫീസിൽ തലം വരെ 01/01/2023 മുതൽ 31/03/2023 വരെ സൂചന പ്രകാരം വാർ റൂം സംഘടിപ്പിക്കുകയുണ്ടായി. മൂന്ന് മാസം കൊണ്ട് 276.41 കൂടി രൂപ നമ്മൾക്ക് പിരിച്ചെടുക്കുവാൻ സാധിച്ചു. മാത്രമല്ല കേരള വാട്ടർ അതോറിറ്റിയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന പ്രതിമാസ റെവന്യൂ കളക്ഷനായ 147 കോടി രൂപ 2023 മാർച്ച് മാസത്തിൽ നേടുകയുണ്ടായി.2022-23 സാമ്പത്തിക വർഷത്തിൽ നമ്മുടെ കളക്ഷൻ 806. കോടി രൂപ പിരിച്ചെടുക്കുകയുണ്ടായി,കൂടാതെ ഡി.സി.ബി യിലെ കുടിശിക 31/03/2023 ൽ 1194 കോടി രൂപയായി കുറക്കുവാനും സാധിച്ചിട്ടുണ്ട്. അവധി ദിവസങ്ങളിൽ ഉൾപ്പെടെ കൗണ്ടറുകൾ പ്രവർത്തിപ്പിച്ച്, കുടിശിക പിരിച്ചെടുക്കുന്നതിനായി അക്ഷീണം പ്രയത്നിച്ച എല്ലാ ജീവനക്കാരും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

നമ്മൾ നേടിയ ഈ നേട്ടം തുടർന്നും കേരള വാട്ടർ അതോറിറ്റിയുടെ റെവന്യൂ വരുമാനം എക്കാലവും മികച്ചതായി നിലനിർത്താനും ചില നിർദേശങ്ങൾ സെക്ഷൻ തലം മുതൽ നാം പാലിക്കേണ്ടതാണ്. അവ ചുവടെ ചേർക്കുന്നു.

1. എല്ലാ ഉപഭോക്താക്കളെയും സമയബന്ധിതമായി വാട്ടർ ചാർജ് അടക്കുന്നതിനായി പ്രേരിപ്പിക്കുക. അതുവഴി ഫൈൻ ഒഴിവാക്കാനാകും എന്നും ബോധ്യപ്പെടുത്തുക.
2. ഓൺലൈൻ വഴി വാട്ടർ ചാർജ് അടക്കുവാൻ എല്ലാ ഉപഭോക്താക്കളെയും പ്രോത്സാഹിപ്പിക്കുകയും അതുവഴിയുണ്ടാകുന്ന നേട്ടങ്ങൾ മനസിലാക്കിപ്പിക്കുകയും ചെയ്യുക.
3. അമിതമായ ബില്ല് ശ്രദ്ധയിൽപെട്ടാൽ ഒരു പ്രാഥമിക അന്വേഷണം നടത്തിയ ശേഷം മാത്രം ബില്ല് ഉപഭോക്താക്കൾക്ക് നൽകുക.
4. ഉപഭോക്താക്കളിൽ നിന്നും ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുക.
5. കേരള വാട്ടർ അതോറിറ്റിയുടെ യശഃസിനെയും വിശ്വസ്തതയും ബാധിക്കുന്ന തരത്തിലുള്ള ഒരു പ്രവർത്തനവും ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.
6. പ്രവർത്തരഹിതമായ മുഴുവൻ മീറ്ററുകളും അടിയന്തിരമായി മാറ്റി വയ്ക്കുക. 100% പ്രവർത്തന ക്ഷമമായ

Draft #13 of File 5585/AO(RMC)/2021/KWA Approved by Finance Manager & Chief Accounts Officer on 03-May-2023 08:29 AM - Page 1

മീറ്ററുകൾ എന്ന നേട്ടം കൈവരിക്കുക. അതുവഴി കേരള വാട്ടർ അതോറിറ്റിക്ക് ഉണ്ടാകാവുന്ന നഷ്ടം ഒഴിവാക്കാനാകും.

7. എല്ലാ ഉപഭോക്താക്കളുടെയും മൊബൈൽ നമ്പറുകൾ അപ്ഡേറ്റ് ചെയ്യുക. അതായത് 100% മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുക. അതുവഴി ബില്ലും മറ്റ് വിവരങ്ങളും സമയ ബന്ധിതമായി നൽകാനാവും.
8. കുടിശ്ശിക വരുത്തിയിട്ടുള്ള എല്ലാ വിഭാഗം കണക്ഷനുകളും സർക്കാർ കണക്ഷനുകൾ ഉൾപ്പെടെയുള്ളവ സമയബന്ധിതമായി വിഛേദന നടപടികൾ നടത്തേണ്ടതാണ്. ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള കണക്ഷനുകൾ ആദ്യം വിച്ഛേദിക്കേണ്ടതാണ്. കുടിശ്ശികയുള്ള ഉപാഭോക്താക്കളുടെ ഡിസ്കണക്ഷൻ നടപടികളും തുടർ നടപടികളും സമയ ബന്ധിതമായി നടത്തുക.
9. മുഴുവൻ കണക്ഷനുകളിലെയും റീഡിങ് സമയബന്ധിതമായി എടുക്കുകയും അവ ഇ അബാക്കസിൽ പോസ്റ്റ് ചെയ്യുകയും ചെയ്യുക.അതായത് 100% റീഡിങ് ,100% റീഡിങ് പോസ്റ്റിംഗ് കൈവരിക്കുക.
10. ഓരോ ഡിവിഷനുകളിൽ നിന്നും വിച്ഛേദിക്കേണ്ട കണക്ഷനുകളുടെ ലിസ്റ്റ് (തുക അനുസരിച്ച്) ബന്ധപ്പെട്ട റവന്യൂ ഓഫീസർമാർ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി സബ് ഡിവിഷനുകൾക്ക് നൽകേണ്ടതും പ്രസ്തുത നടപടികൾ ഏകോപിപ്പിക്കേണ്ടതുമാണ്. ടി നടപടികൾ യഥാവിധി നടക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പ്രതിമാസ റിപ്പോർട്ട് റവന്യൂ ഓഫിസർമാർ റവന്യൂ മോണിറ്ററിങ് സെല്ലിന് നൽകേണ്ടതാണ്.
11. വിഛേദിക്കപ്പെട്ട എല്ലാ കണക്ഷനുകളുടെയും കുടിശ്ശിക തുക ലഭ്യമാക്കുന്നതിന് വേണ്ടി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.സബ് ഡിവിഷനുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കാണ് റവന്യൂ റിക്കവറി നടപടികളുടെ ചുമതല നൽകിയിട്ടുള്ളത്.ഇക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിഗത ബാധ്യതയായി കണക്കാക്കി നടപടികൾ സ്വീകരിക്കുന്നതായിരിക്കും.
12. കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് വാർ റൂം കാലഘട്ടത്തിൽ സ്വീകരിച്ച നടപടികൾ തുടരേണ്ടതാണ്.

മേൽ സൂചിപ്പിച്ച കാര്യങ്ങളിലെ പ്രവർത്തനങ്ങൾ യഥാവിധി നടക്കുന്നുണ്ടോ എന്ന്ബന്ധപ്പെട്ട ഡെപ്യൂട്ടി അക്കൗണ്ട്സ് മാനേജർമാർ ഉറപ്പ് വരുത്തേണ്ടതും അത് സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ നൽകേണ്ടതുമാണ്.

**ഷിജിത്ത് വി**
ഫിനാൻസ് മാനേജർ & ചീഫ്
അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

എല്ലാ ചീഫ് എൻജിനീയർമാർക്കും
എല്ലാ സൂപ്രണ്ടിങ് എൻജിനീയർമാർക്കും

പകർപ്പ്:-

എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
പി.എ ടു എം.ഡി/പി.എ ടു എ.എം/ പി.എ ടു ടി.എം/ ഫൈനാൻസ് മാനേജർ & ചീഫ് അക്കോൺസ് ഓഫിസർ/ ചിഫ് എൻജിനീയർ ഓപ്പറേഷൻസ് ചിഫ് എച്ച് ആർ ഡി & ജനറൽ/ സ്റ്റോക്ക് ഫയൽ

Draft #13 of File 5585/AO(RMC)/2021/KWA Approved by Finance Manager & Chief Accounts Officer on 03-May-2023 08:29 AM - Page 2

The document is digitally approved. Hence signature is not needed.